(സി) 1,139.68 ലക്ഷം രൂപ.

(ഡി) 194.24 ലക്ഷം രൂപ.

(ഇ) വ്യവസായികളുടെ ഉൽപന്നം വിപണിയിൽ വിറ്റഴിക്കുവാനുള്ള കാലതാമസം, മറ്റു ഉൽപാദകരിൽനിന്നുള്ള മൽസരം, പ്രവർത്തനമൂലധനത്തിന്റെ ലഭ്യതയിലുള്ള പ്രയാസങ്ങൾ എന്നിവ നിമിത്തം ചില വ്യവസായ സ്ഥാപനങ്ങൾക്ക് ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നതു കൊണ്ടാണ് വായ്പ പിരിച്ചെടുക്കാൻ കാലതാമസം ഉണ്ടാകുന്നത്.

കേരളം ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഹയർ പർച്ചേസ് പദ്ധതി

34 [51] ശ്രീ. കെ. പി. നൂറുദ്ദീൻ:

,, എൻ. പി. മൊയ്തീൻ:

,, സ്റ്റീഫൻ പാദുവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും 31-8-1979 വരെ ഹയർ പർച്ചേസ് പദ്ധതിയനുസരിച്ച് വായ്പയായി എന്തു തുക നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷവും എത്ര പേർക്ക് എന്തു തുക വീതം വിതരണം ചെയ്തു;

(സി) ഇതിൽ പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്ര; ഓരോ കൊല്ലവും എത്ര വീതം;

(ഡി) തുക പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു;

(ഇ) പിരിച്ചെടുക്കാൻ കഴിയാത്ത തുക എത്ര?

ഉത്തരം

(എ) ഒരുകോടി നാൽപ്പത്തിനാലുലക്ഷത്തിപ്പതിനായിരം രൂപ.

(ബി)

വർഷം	നമ്പർ	തുക രൂപ
1970-71	60	1.99 ലക്ഷം
1971-72	304	9.85 ,,
1972-73	552	14.71 ,,
1973-74	720	16.02 ,,
1974-75	544	12.17 ,,
1975-76	555	16.67 ,,
1976-77	656	20.26 ,,
1977-78	590	18.72 ,,
1978-79	497	17.00 ,,
(1-4-1979 മുതൽ 31-8-1979 വരെ)	305	16.80 ,,

(സി) അഞ്ചുലക്ഷത്തിഅമ്പതിനായിരം രൂപാ ഇതേവരെ പിരിഞ്ഞു കിട്ടുവാനുണ്ട്. കൊല്ലം തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(ഡി) രജിസ്റ്റേഡ് നോട്ടീസ്, സാലറി റിക്കവറി, റവന്യൂ റിക്കവറി മുതലായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഒന്നുമില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly